ഉത്തരം

(എ) 44 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്.

(ബി) ഇതുവരെ 26,96,760 രൂപ ചെലവഴിച്ചു.

(സി) നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്.

(ഡി) 28-2-2011-ൽ പൂർത്തിയാക്കാൻ കഴിയുന്നതാണ്.

കാരാപ്പുഴ ജലസേചന പദ്ധതിക്ക് ഇൻസ്പെക്ഷൻ ബോട്ട്

110 (1838) ശ്രീ. എം. വി. ശ്രേയാംസ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിലെ കാരാപ്പുഴ ജലസേചന പദ്ധതി പ്രദേശത്ത് വ്യാജവാറ്റ്, മണൽവാരൽ, പദ്ധതി ഭൂമിയിലെ മരങ്ങൾ മുറിച്ചു കടത്തൽ തുടങ്ങിയ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ വ്യാപകമായി നടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്ര പരാതികൾ ലഭിച്ചുവെന്നും പ്രസ്തുത പരാതികളിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ ;

(ഇ) കാരാപ്പുഴ റിസർവോയറിൽ അപകടങ്ങൾ ഉണ്ടാകുന്നത് നിത്യ സംഭവമായിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) എങ്കിൽ അപകടങ്ങളും സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും ഫലപ്രദമായി തടയുന്നതിനായി കാരാപ്പുഴ പദ്ധതിക്ക് ഒരു ഇൻസ്പെക്ഷൻ ബോട്ട് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-ഇ) വിശദാംശങ്ങൾ ശേഖരിച്ച് മറുപടി നൽകുന്നതാണ്.

(എഫ്) ബോട്ട് അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

പീലാർമുഴി എൽ.ഐ.സ്കീം

111 (1839) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ പീലാർമുഴി എൽ.ഐ. സ്കീമിന് അനുമതി നൽകുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതിക്ക് നബാർഡിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ ; എങ്കിൽ എത്ര രൂപയുടെ പദ്ധതിക്കാണ് നബാർഡിൽനിന്നും അനുമതി ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly